പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *124 | 21.01.2014 ൽ മറുപടിയ്ക്ക്

## വയനാട് കാർഷിക പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മദ് മാസ്റ്റർ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി കെ.കെ.ലതിക | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി പരിഹരിക്കുന്നതിനായി പ്രഖ്യാപിച്ചിരുന്ന വയനാട് പാക്കേജിന്റെ മുഖ്യഘടകങ്ങൾ എന്തെല്ലാമായിരുന്നു;

(എ) വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി പരിഹരിക്കുന്നതിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ഈ വിഷയത്തിൽ കാർഷികോത്പാദന കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ 16.11.2011 ൽ ചേർന്ന മന്ത്രിസഭായോഗം എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി.

1. സപ്ലൈകോ മുഖാന്തിരം വയനാട് ജില്ലയിൽ നെല്ല് സംഭരണം നടപ്പിലാക്കി.
2. കൃഷി വകുപ്പ് മന്ത്രി അദ്ധ്യക്ഷനും, പട്ടിക വർഗ്ഗ ക്ഷേമ യുവജനകാര്യ – മ്യൂസിയം - മൃഗശാല വകുപ്പ് മന്ത്രി അംഗവും, കാർഷികോത്പാദന കമ്മീഷണർ കൺവീനറും ആയി ഒരു സ്പെഷ്യൽ മോണിറ്ററിംഗ് സംവിധാനം വിവിധ പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തുവാനായി രൂപീകരിച്ചു.
3. കർഷകരുടെ പ്രശ്നങ്ങളിലും പ്രതിസന്ധികളിലും സജീവമായി ഇടപെട്ട് ക്രിയാത്മകമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവർ അംഗങ്ങളായും കർഷക മിത്ര സമിതികൾ വയനാട് ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും രൂപീകരിച്ചു.
4. ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, വാണിജ്യ

ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ മുഖേന വയനാട് ജില്ലയിൽ അനുവദിച്ച എല്ലാ വായ്പകളിന്മേലും റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. പ്രസ്തുത കടങ്ങൾക്കുള്ള പിഴപലിശ ഒഴിവാക്കി. കൃത്യമായി തിരിച്ചടവ് നടത്തിയവർക്ക് പലിശയിനത്തിൽ 10% കിഴിവ് അനുവദിച്ചു.

5. വിലത്തകർച്ച മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ഇഞ്ചി കർഷകർക്ക് ആശ്വാസം നൽകുന്നതിനായി "കമ്മോഡിറ്റി സേഫ്റ്റി നെറ്റ് സ്കീമിൽ" ഉൾപ്പെടുത്തി ഉത്പാദന ചെലവും കമ്പോള വിലയും തമ്മിലുള്ള അന്തരം നികത്തുന്നതിനായി ഹെക്ടർ ഒന്നിന് 25000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു. 5192 ഹെക്ടർ സ്ഥലത്ത് ഇഞ്ചി കൃഷി ചെയ്തിരുന്ന 24741 കർഷകർക്ക് ഇത് ആശ്വാസം ഏകി. ഈയിനത്തിൽ 649 ലക്ഷം രൂപ ചെലവഴിച്ചു.

ഇതിനുപുറമെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃതപദ്ധതി പ്രകാരം വയനാട് ജില്ലയിലെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി 2012-2013 സാമ്പത്തിക വർഷം മുതൽ വയനാട് പാക്കേജ് എന്ന പേരിൽ ഒരു സമഗ്രവികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1) കുരുമുളക് കൃഷിയുടെ പുനരുദ്ധാരണം
2) പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുത്തൽ
3) ചെറുകിട ജലസേചന പദ്ധതികൾ
4) മണ്ണിന്റെ പരിപോഷണം
5) എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമതല കർഷക വിദഗ്ധോപദേശ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ
6) കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനങ്ങൾ, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ
7) ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് ക്രെഡിറ്റ് റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കൽ
8) കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയും വിപണനവും.
9) ക്ഷീര വികസനം.

വയനാട് പാക്കേജിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കുന്നതിനായിട്ടുള്ള പ്രോജക്ട് പ്രൊപ്പോസൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയിലെ മുഖ്യഘടകങ്ങൾ താഴെ പറയുന്നതാണ്.

1) കന്നുകുട്ടികളെ ദത്തെടുക്കുന്ന പദ്ധതി (Calf adoption Programme)
2) ഗർഭിണി കിടാരികളുടെ വിതരണം (Distribution of Pregnant heifer)
3) പൗൾട്രി യൂണിറ്റുകൾ സ്ഥാപിക്കൽ (Establishment of poultry units)
4) മാംസോൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആടുകളുടെയും പന്നികളുടെയും ബ്രീഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി (Establishment of pig and goat breeding units for augmenting the meat production)

**(ബി)** പ്രസ്തുത ഘടകങ്ങൾ നിർവ്വഹണ പഥത്തിൽ എത്തിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ഏല്പിച്ചിരുന്നത്;

**(ബി)** കുരുമുളക് കൃഷിയുടെ പുനരുദ്ധാരണം, പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുത്തൽ, മണ്ണിന്റെ പരിപോഷണം, പരിശീലന ബോധവൽക്കരണ പരിപാടികൾ എന്നിവ കൃഷി വകുപ്പിനെയും, ക്ഷീരവികസനം ക്ഷീരവികസന വകുപ്പിനെയും ചെറുകിട ജലസേചന പദ്ധതികൾ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (KIIDC) എന്ന സ്ഥാപനത്തേയും, ഗ്രാമതല കർഷക വിദഗ്ധോപദേശ കേന്ദ്രങ്ങൾ എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനേയും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റുകളുടെ സ്ഥാപനം. സി.എസ്.ഐ.ആർ.ന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസിന്റെ സാങ്കേതിക സഹായത്തോടെ നടത്തുവാൻ മലബാർ റൂറൽ ഡവലപ്പ്മെന്റ് ഫൗണ്ടേഷനേയും, മലബാർ റീജിയണൽ കോർപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനേയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

വയനാട് പാക്കേജിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ പ്രസ്തുത വകുപ്പ തന്നെയാണ് നടപ്പിലാക്കാനുദ്ദേശിച്ചിരുന്നത്.

**(സി)** പാക്കേജിന്റെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

**(സി)** ഉണ്ട്. കൃഷി ഡയറക്ടർ നടത്തുന്ന സംസ്ഥാനതല അവലോകന യോഗത്തിൽ വയനാട് പാക്കേജ് പദ്ധതി വിശദമായി അവലോകനം ചെയ്യുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കുന്നതിനായിട്ടുള്ള പ്രോജക്ട് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

| | |
|---|---|
| (ഡി) പാക്കേജ് നടപ്പാക്കുന്നതിനായി എന്ത് തുക നീക്കിവെച്ചിരുന്നു; നാളിതുവരെ എന്ത് തുക ചെലവഴിക്കപ്പെട്ടു; വിശദമാക്കുമോ? | (ഡി) കൃഷി വകുപ്പിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ചെലവഴിച്ച തുക താഴെ പറയുംപ്രകാരമാണ്. |

| വർഷം | നീക്കി വച്ച തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| 2012-13 | 2407.50 | 2253.18 |
| 2013-14 | 1900.00 | 1008.70 (ഡിസംബർ വരെ) |

മൃഗസംരക്ഷണ വകുപ്പിൽ വയനാട് പദ്ധതിയ്ക്കായി 36.15395 കോടി രൂപയുടെ പ്രൊപ്പോസലാണ് പരിശോധനയിലുള്ളത്.

സെക്ഷൻ ഓഫീസർ